**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3488 | 22.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. ഐ.സി.ബാലകൃഷ്ണൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) നിലവിൽ പദ്ധതി ഉണ്ട്. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാക്കും 2014 മുതൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ കാര്യകർത്രി ബീമാ യോജന നടപ്പിലാക്കി വരുന്നു. 2015 ൽ കേന്ദ്ര സർക്കാർ ആരംഭിച്ച പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന (PMSBY), പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന (PMJJBY), അടൽ പെൻഷൻ യോജന എന്നീ സ്കീമുകളിൽ അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും അംഗമാക്കിയിട്ടുണ്ട്. കാര്യകർത്രി ബീമാ യോജന പദ്ധതി, PMSBY, PMJJBY എന്നീ പദ്ധതികളുമായി സംയോജിപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി ഏത് ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നതെന്നും പ്രീമിയം തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (LIC) മുഖേനയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജനയ്ക്ക് പ്രതിവർഷം 330/- രൂപയും പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജനയ്ക്ക് പ്രതിവർഷം 12/- രൂപയുമാണ് പ്രീമിയം. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രീമിയം തുക കേന്ദ്ര സർക്കാരാണ് നൽകുന്നത്. |
| (സി) അംഗൻവാടി കുട്ടികൾക്ക് യൂണിഫോം നൽകുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ എന്നത്തേക്ക് പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | (സി) സംയോജിത ശിശുവികസന പദ്ധതിയിൽ ഉൾപ്പെടുത്തി അംഗൻവാടികളിലെ പ്രീ-സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ യൂണിഫോം വിതരണ പദ്ധതിയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് ടി പദ്ധതി നടത്തിപ്പിനായി 28,84,90,300/- രൂപ (ഇരുപത്തിയെട്ട് കോടി എൺപത്തിനാല് ലക്ഷത്തി തൊണ്ണൂറായിരത്തി |

| | |
|---|---|
| | മുന്നൂറ് രൂപ മാത്രം) വകയിരുത്തുന്നതിലേക്കുള്ള ഭരണാനുമതിയ്ക്കായി വനിതാ-ശിശുവികസന പദ്ധതി ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രപ്പോസൽ പരിശോധിച്ചു വരുന്നു. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ